**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഖര മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പെർഫോമൻസ് ഗ്രേഡ് ചെയ്യുന്നതിന് വേണ്ടിയുള്ള കരട് മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനുള്ള ടീം രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം ) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 244/2022/ത.സ്വ.ഭ.വ. തിരുവനന്തപുരം തീയതി, 03.02.2022

---

പരാമർശം :- 28.01.2022-ലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ യോഗം

**<u>ഉത്തരവ്</u>**

2022-ലെ മഴക്കാല പൂർവ്വശുചികരണ പ്രവർത്തനങ്ങളുടെയും, പകർച്ചവ്യാധി പ്രതിരോധത്തിന്റെയും ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിന്റെ അവസ്ഥ വിലയിരുത്തുകയും, പിന്നോക്കം നിൽക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നിരന്തരമായ അവലോകനയോഗങ്ങൾ സർക്കാർ തലത്തിൽ ചേരുകയും, അനുയോജ്യമായ നിർദ്ദേശങ്ങളും സർക്കാർ തലത്തിൽ ചെയ്തിരുന്നു .ഖരമാലിന്യ നിർമ്മാർജ്ജനത്തിൽ മികവ് പുലർത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിലയിരുത്തൽ നടത്തി ഖരമാലിന്യ പരിപാലനത്തിൽ ഏറ്റവും മികവ് പുലർത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ അടിസ്ഥാനത്തിൽ റാങ്കിംഗ് കൊണ്ടു വരികയും, ഓരോ ജില്ലയിലെയും ഒന്നു വീതം ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും നവകേരള പുരസ്കാരം നൽകി സർക്കാർ ആദരിക്കുകയും ചെയ്തിരുന്നു.

2. ടി പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ നിർമ്മാർജ്ജനത്തിൽ മികച്ച അവസ്ഥയിലേയ്ക്ക് എത്തിയിട്ടുണ്ട്. എന്നാൽ നിശ്ചിത എണ്ണം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഇനിയും പുരോഗതി കൈവരിക്കേണ്ടതുണ്ടെന്നും

ആയതിനാൽ 2022-ലെ മഴക്കാല പകർച്ചവ്യാധി പ്രതിരോധത്തിന്റെ കൂടി ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യാവുന്നതും, ആയതിന്റെ അടിസ്ഥാനത്തിൽ അവലോകന സംവിധാനം രൂപപ്പെടുത്തുന്നതും നിലവിൽ പിന്നോക്കം നിൽക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ കൂടി മികച്ച അവസ്ഥയിലേക്ക് എത്തിക്കാൻ സഹായകമാകുമെന്ന് 28.01.2022 'ൽ ചേർന്ന യോഗത്തിൽ പരാമർശിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പെർഫോമൻസ് ഗ്രേഡ് ചെയ്യുന്നതിന് വേണ്ടിയുള്ള കരട് മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനുള്ള ടീം രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു .

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പെർഫോമൻസ് ഗ്രേഡ് ചെയ്യുന്നതിന് വേണ്ടിയുള്ള കരട് മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിന് ചുവടെ പരാമർശിക്കുന്ന ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ടീം രൂപീകരിച്ച് ഉത്തരവാകുന്നു.

| **ക്രമ നം.** | **പേര്** | **ഔദ്യോഗിക പദവി, വകുപ്പ്** |
|---|---|---|
| 1. | ശ്രീ. ജോയി ഇളമൺ | ഡയറക്ടർ ജനറൽ, കില |
| 2. | ശ്രീ. കേശവൻ നായർ.പി | മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി |
| 3. | ശ്രീ. എം.പി. അജിത് കുമാർ | അഡി. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് |
| 4. | ശ്രീ. മുഹമ്മദ് ഹൈവെസ്.എം. | ഡെപ്യൂട്ടി ഡയറക്ടർ (SWAG CELL), നഗരകാര്യ ഡയറക്ടറേറ്റ് |
| 5. | ശ്രീ. എൻ. ജഗജീവൻ | എക്സിക്യൂട്ടീവ് ഡയറക്ടർ, കേരളാ ഗ്രാമീണ പഠന കേന്ദ്രം |
| 6. | ശ്രീ. പി. അജയകുമാർ | ടെക്നിക്കൽ ഓഫീസർ, ഹരിതകേരളം മിഷൻ |
| 7. | ശ്രീ. അമീർഷാ.ആർ.എസ്. | പ്രോഗ്രാം ഓഫീസർ (സി.സി.ഡി.യു), ശുചിത്വമിഷൻ |
| 8. | ശ്രീ. ശ്രീജിത്ത് എൽ.കെ | അസി. മാനേജർ, (പ്രോജക്ട്സ്), ക്ലീൻ കേരള കമ്പനി |
| 9. | ശ്രീമതി. രേണു ജോർജ്ജി | സ്റ്റേറ്റ് അസി. പ്രോഗ്രാം മാനേജർ (ME), കുടുംബശ്രീ |
| 10. | ശ്രീ. ഇ.കെ.സോമശേഖരൻ | ജില്ലാ കോർഡിനേറ്റർ, ഹരിതകേരളംമിഷൻ, കണ്ണൂർ |
| 11. | ശ്രീ. എസ്. ഐസക് | ജില്ലാ കോർഡിനേറ്റർ, ഹരിതകേരളംമിഷൻ, കൊല്ലം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം,)

**ശാരദ മുരളീധരൻ ഐ.എ.എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ , ഹരിത കേരള മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

നഗരകാര്യ ഡയറക്ടർ

പഞ്ചായത്ത് ഡയറക്ടർ

ഡയറക്ടർ ജനറൽ, കില

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

എല്ലാ ടീം അംഗങ്ങൾ [ശുചിത്വ മിഷൻ മുഖേന ]

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-1) & (ഓഡിറ്റ് -2), കേരള, തിരുവനന്തപുരം.

ഐ & പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

പകർപ്പ് :-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസിന്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്